# ഐ.എം.യു.പി.സ്കൂൾ

## അഴീക്കോട്



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| Name of School | : IMUPS Azhicode |
| Village | : Azhicode |
| Ward | : 16 |
| CRC | : GUPS Azhicode |
| Panchayath | : Eriyad |
| Block | : Mathilakam |
| Edn.Sub.District | : Kodungallur |
| District | : Thrissur |
| Name of HM | : K B Jasmine |

## 2025 - 26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം:

| | Std I | | Std II | | Std III | | Std IV | | Std V | | Std VI | | Std VII | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 35 | 36 | 33 | 37 | 43 | 29 | 42 | 42 | 55 | 41 | 52 | 59 | 60 | 49 | 320 | 293 |
| **ആകെ** | 71 | | 70 | | 72 | | 84 | | 96 | | 111 | | 109 | | 613 | |

# ആമുഖം

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലയിൽ എറിയാട് പഞ്ചായത്ത് പതിനാറാം വാർഡിൽ പെരിയാറിന്റെ തീരത്തായി ശിരസുയർത്തി നില കൊള്ളുന്ന വിദ്യാലയമാണ് ഐ.എം.യു.പി സ്കൂൾ. സ്വദേശത്തും വിദേശ ത്തും ഉന്നത പദവികളിലും ഉദ്യോഗങ്ങളിലും വിരാജിക്കുന്ന അരുമ സന്താ നങ്ങളെയോർത്ത് ഊറ്റം കൊള്ളുന്ന പിതാമഹൻ. 1960 അഴീക്കോട് ഇർഷാ ദുൽ മുസ്ലിമീൻ സംഘത്തിന്റെ മടിത്തട്ടിൽ കേരള വിദ്യാഭ്യാസ ചട്ടമനുസ രിച്ചുള്ള യു.പി സ്കൂളായി ജനനം. പടിഞ്ഞാറ് കടപ്പുറം ഭാഗത്തും തെക്ക് കായലോരത്തുമുള്ള വീടുകളിൽ നിന്നുള്ള കുട്ടികൾക്ക് അഴീക്കോട് ജെട്ടി യിൽ സ്ഥാപിതമായ ഈ വിദ്യാലയം ഒരു അനുഗ്രഹമായിരുന്നു. ആദ്യ മായി ഈ വിദ്യാലയത്തിൽ പ്രവേശനം നേടിയത് കൊല്ലത്ത് വീട്ടിൽ മുഹമ്മദ് ഉണ്ണി മകൻ അബ്ദുൽ ഖാദർ ആയിരുന്നു. ഇപ്പോഴത്തെ മാനേജർ ശ്രീ.എ.എം.മുഹമ്മദ് സഉൗദും ഹെഡ്മിസ്ട്രസ് ശ്രീമതി കെ.ബി.ജാസ്മിനു മാണ്. 1973 കളിൽ 1200 ലേറെ വിദ്യാർത്ഥികളും 45 അധ്യാപകരുമായി കൊടുങ്ങല്ലൂർ ഉപജില്ലയിലെ ഏറ്റവും വലിയ യു.പി സ്കൂൾ ആയി വിരാ ജിച്ചിരുന്ന വിദ്യാലയത്തിൽ 10.6.2025ലെ കണക്ക് പ്രകാരം 24 ഡിവിഷനുക ളിലായി 613 വിദ്യാർത്ഥികൾ അധ്യയനം നടത്തിവരുന്നു. ഉപജില്ലയിൽ ഏറെ അഭിമാനിക്കാവുന്ന നേട്ടങ്ങൾ കൈവരിക്കാൻ ഓരോ അധ്യയനവർഷത്തിലും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

IMUPS AZHIKODE
ESTD 1960

# ചരിത്രം

തൃശ്ശൂർ ജില്ലയുടെ തെക്കു പടിഞ്ഞാറ് കോണിൽ പടിഞ്ഞാറ് അറബികടലും തെക്ക് കായലും അതിരിടുന്ന അഴീക്കോട് എന്ന തീരദേശ ഗ്രാമം, മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ട് കഴിയുന്നവരും സാധാരണക്കാരായ കർഷകരും കാർഷിക തൊഴിലാളികളും കൂലിപ്പണിക്കാരും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ്. 1950കളുടെ ആരംഭത്തിൽ അഴീക്കോട് ജെട്ടിയിൽ ഒരു നമസ്കാര പള്ളി നിലവിൽ ഉണ്ടായിരുന്നു. ആയിടയ്ക്ക് കുമാരനെല്ലൂർ സ്വദേശിയായ ഹാജി സി.എ. അബ്ദുല്ല മൗലവി ഇവിടം സന്ദർശിക്കുകയും നാട്ടുപ്രമാണികളും പ്രധാനികളുമായ ആളുകളെ നേരിൽകണ്ട് പള്ളിയുടെ കീഴിൽ ഒരു ദർസ് (മതപഠന കേന്ദ്രം) തുടങ്ങണമെന്ന് നിർദ്ദേശം അവർക്ക് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. താമസിയാതെ ഈ ആശയം പ്രാവർത്തികമാക്കപ്പെട്ടു. അപ്രകാരം രൂപംകൊണ്ട ദർസിന്റെയും പള്ളിയുടെയും ഭരണം നടത്തിയിരുന്നത് ഹാജി എൻ.എം.അഹമ്മദുണ്ണി സാഹിബ് പ്രസിഡണ്ടും എം.കെ അബ്ദുറഹ്മാൻ സാഹിബ് സെക്രട്ടറിയും പി.കെ.കാദർ ഹാജി ഖജാൻജിയുമായുള്ള ഒരു കമ്മിറ്റിയായിരുന്നു. പിൽക്കാലത്ത് ഈ പള്ളിയുടെ കീഴിൽ ഒരു മദ്രസയും അറബിക് കോളേജും അനാഥശാലയും സമാരംഭിക്കുകയുണ്ടായി.

1951ൽ ഇർഷാദുൽ മുസ്ലിമീൻ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടപ്പോൾ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെല്ലാം സംഘത്തിന്റെ ഭരണത്തിൻ കീഴിൽ വന്നു. സംഘത്തിന്റെ ബൈലോയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും നടത്തുകയും ചെയ്യുക എന്ന ഉദ്ദേശമാണ് പ്രധാനമായും ഉൾക്കൊണ്ടിരുന്നത്. അംഗീകാര ശേഷം തുടർന്ന് 1960ൽ കേരള വിദ്യാഭ്യാസ ചട്ടമനുസരിച്ചുള്ള എയ്ഡഡ് യു.പി സ്കൂൾ എന്ന നിലയിൽ ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചപ്പോൾ അതുവരെ അനംഗീകൃതമായി നടത്തപ്പെട്ടുവന്ന ക്ലാസുകൾ ഇതോടെ ചേർക്കപ്പെടുകയാണ് ഉണ്ടായത്. അഴീക്കോട് വില്ലേജ് ഒരു മുസ്ലിം ഭൂരിപക്ഷ പ്രദേശമാണെന്നതുകൊണ്ട് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് കൂടുതലും ഈ വിദ്യാലയത്തിൽ ഉണ്ടായി

രുന്നതെങ്കിലും നാനാജാതി മതസ്ഥരായ വിദ്യാർത്ഥികൾ ഇവിടെ പ്രവേശനം നേടുകയുണ്ടായി. ആദ്യമായി ഈ വിദ്യാലയത്തിൽ പ്രവേശനം നേടിയത് കൊല്ലത്ത് വീട്ടിൽ മുഹമ്മദ് ഉണ്ണി മകൻ അബ്ദുൽ ഖാദർ ആയിരുന്നു. ആദ്യഘട്ടത്തിൽ തെക്കൻ തിരുവിതാംകൂറിൽ നിന്നും വടക്കേ മലബാറിൽ നിന്നും ധാരാളം അധ്യാപകർ ഈ വിദ്യാലയത്തിൽ ജോലി ചെയ്തു വന്നു. അധ്യാപക നിയമനത്തിന് ഒരിക്കലും ജാതിമത മാനദണ്ഡങ്ങൾ ഇല്ലായിരുന്നതിനാൽ ആദ്യ പല ഘട്ടങ്ങളിലും ഈ വിദ്യാലയത്തിൽ അമുസ്ലിം അധ്യാപകർക്കാണ് ഭൂരിപക്ഷം ഉണ്ടായിരുന്നതെന്ന് പരിശോധിച്ചാൽ വ്യക്തമാകും.

വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന പി.കെ.അബ്ദുല്ല സാഹിബ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന എ.കെ. അബ്ദുല്ല സാഹിബ്, സ്പീക്കർ ആയിരുന്ന കെ.എം.സീതി സാഹിബ്, എൻജിനീയർ ടിപി.കുട്ടിയാമു സാഹിബ് തുടങ്ങിയവരുടെ പ്രവർത്തനഫലമായി ചരിത്രം സൃഷ്ടിച്ചുകൊണ്ട് ഒന്നു മുതൽ ആറുവരെ സ്റ്റാൻഡേർഡുകൾ ഒറ്റയടിക്കാണ് ആരംഭിച്ചത്.

ഈ സ്കൂളിന്റെ ആവിർഭാവത്തിന് മുൻപ് ഈ പ്രദേശത്ത് ആകെയുണ്ടായിരുന്ന ഗവൺമെന്റ് എൽ.പി സ്കൂളിൽ നിന്നും പിൽക്കാലത്ത് സ്ഥാപിതമായ പൊയിലിങ്ങപറമ്പ് ഹമദാനിയ എൽ.പി സ്കൂളിൽ നിന്നും പുറത്തുവരുന്ന വിദ്യാർത്ഥികൾ മിക്കവാറും തുടർന്ന് പഠിക്കാൻ ഇവിടേക്ക് വന്നിരുന്നതുകൊണ്ടും അനാഥശാലയിലെ അന്തേവാസികളുടെ സ്കൂൾ പ്രവേശനം കൊണ്ടും ഈ വിദ്യാലയം അതിവേഗം വളർന്നു. 1970 കളിൽ 33 ഡിവിഷനുകളോടുകൂടി കൊടുങ്ങല്ലൂർ ഉപജില്ലയിലെ ഏറ്റവും വലിയ യു.പി സ്കൂളുകളിൽ ഒന്നായി.

സ്പെഷ്യലിസ്റ്റ് - ലാംഗ്വേജ് (ക്രാഫ്റ്റ്, മ്യൂസിക്, ഡ്രിൽ, നീഡിൽ വർക്കിംഗ്, സംസ്കൃതം, ഉറുദു......) തുടങ്ങിയ മിക്ക അധ്യാപക പോസ്റ്റുകളും 1970കളിൽ ഈ വിദ്യാലയത്തിൽ ഉണ്ടായിരുന്നു. ഗവൺമെന്റ് വിദ്യാലയത്തിൽ നിന്നും 55 വയസ്സിൽ വിരമിക്കുന്ന അധ്യാപകർക്ക് എയ്ഡഡ് വിദ്യാലയങ്ങളിൽ 60 വയസ്സ് വരെ തുടർന്ന് ജോലി ചെയ്യാം എന്ന 1963ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ഈ വിദ്യാലയത്തിൽ ധാരാളം അധ്യാപകർ തുടർന്ന് ജോലി ചെയ്തിരുന്നു. ഒറ്റയടിക്ക് ആറാം സ്റ്റാൻഡേർഡ് വരെ

തുടങ്ങാൻ ഈ സ്കൂളിന് അനുമതി ലഭിച്ചില്ലെങ്കിലും, ചില സാങ്കേതിക തടസ്സങ്ങൾ കാരണം ഏഴാം സ്റ്റാൻഡേർഡിന് അംഗീകാരം ലഭിക്കാൻ താമസിച്ചപ്പോൾ അധ്യാപകരുടെ സത്യാഗ്രഹ സമരത്തോടെ അതിനും അനുമതി ലഭിച്ചു.

കൊടുങ്ങല്ലൂർ ഉപജില്ലയിൽ മുമ്പില്ലാത്ത വിധം 1974ൽ വിപുലമായ തോതിൽ ഒരു ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി. 1970 കളിൽ കൊടുങ്ങല്ലൂർ ഉപജില്ല സ്പോർട്സിൽ പലതവണ ഓവറോൾ ചാമ്പ്യന്മാരാവുകയും ഈ വിദ്യാലയത്തിലെ സീനത്ത്.എ.എ എന്ന വിദ്യാർത്ഥിനി സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുക്കുകയും, കായികാധ്യാപകനായിരുന്ന കെ.വി.അലവി മാസ്റ്ററും പലതവണ സ്റ്റേറ്റ് മീറ്റിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

1960 ൽ സ്കൂൾ ആരംഭിച്ചപ്പോൾ ആദ്യത്തെ മാനേജർ അബ്ദുറഹിമാൻ ഹാജിയും, ഹെഡ്മാസ്റ്റർ ടി.എം.അലിമുഹമ്മദ് മാസ്റ്ററുമായിരുന്നു. 1976ൽ സ്കൂളിൽ കോപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചു. കുട്ടികളുടെ സമ്പാദ്യ പദ്ധതിയായ സഞ്ചയികയും തുടക്കം മുതലേ ആരംഭിച്ചിരുന്നു.

സമീപ എൽ.പി വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്തതും അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ തള്ളിക്കയറ്റവും മൂലം പിന്നീടങ്ങോട്ടുള്ള വർഷങ്ങളിൽ ഡിവിഷനുകളിൽ കുറവ് സംഭവിച്ചെങ്കിലും ക്രമേണ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തി. ഇപ്പോൾ 24 ഡിവിഷനുകളിലായി 31 അധ്യാപകരും കുട്ടികളുമായി ഈ സ്ഥാപനം നിലകൊള്ളുന്നു. പാവപ്പെട്ടവന് പണ ചെലവില്ലാതെ സ്വന്തം സന്താനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ ഉപയുക്തമാകുമാറ് ഇത് നിലനിൽക്കുമെന്ന് നമുക്കാശിക്കാം.

# ലക്ഷ്യം

ഒരു വിദ്യാലയത്തിലെ മികവ് എന്നത് ആത്യന്തികമായി അക്കാദമിക മായ മികവാണ്. ഇത്തരത്തിൽ അക്കാദമിക മികവ് കൈവരിക്കണമെങ്കിൽ ഭൗതികവും സാമൂഹികവുമായ മികവ് കൈവരിക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ. കേവലം പാഠങ്ങൾ പഠിക്കുന്ന ഇടം മാത്രമല്ല വിദ്യാലയങ്ങൾ. ഒരു കുട്ടിയുടെ ജീവിത വളർച്ചയുടെ അവിഭാജ്യമായ ഭാഗം കൂടിയാണ് ഇത്. സമൂഹത്തിന്റെ ഒരു ചെറു രൂപവുമാണ്. സാമൂഹ്യപ്രശ്നങ്ങളും വൈകാരിക പ്രശ്നങ്ങളും ഈ ചെറു സമൂഹത്തിലും സ്വാഭാവികമാണ്. പ്രശ്ന നിർഭരമായ വേളകളിലെല്ലാം ആത്മവിശ്വാസത്തോടെ അവയെ അഭിമുഖീകരിച്ച് മറികടക്കാനുള്ള എല്ലാവിധ പിന്തുണയും ഒരുക്കേണ്ടതു ണ്ട്. കുട്ടി നാളത്തെ സമൂഹ സൃഷ്ടിയിൽ സർഗാത്മകമായി ഇടപെടാൻ തയ്യാറെടുക്കുന്ന ഒരു വ്യക്തിയാണ് എന്നത് പരിഗണിച്ചുകൊണ്ടും 'കൊറോണ' പോലുള്ള മഹാമാരികൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന വിടവുകൾ മനസ്സി ലാക്കി കൊണ്ടും താഴെ പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഈ അധ്യയന വർ ഷത്തിൽ ഊന്നൽ കൊടുക്കുന്നത്.

- ❖ മഹാമാരി സൃഷ്ടിച്ച പഠനവിടവുകൾ (ഓരോ വിഷയങ്ങളിലും) കണ്ടെത്തി അത് നികത്താനുള്ള പഠന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുക.
- ❖ പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം. കണക്ക്, സയൻസ്, ഐ.ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
- ❖ പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജ്ജവവും വേണം.
- ❖ സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം.
- ❖ ഓരോ കുട്ടിയും ചുരുങ്ങിയത് 3 ഭാഷകളിലെങ്കിലും ഭാഷാ ജ്ഞാനവും ആശയവിനിമയ ശേഷിയും നേടണം.
- ❖ ആരോഗ്യകരമായ വിദ്യാഭ്യാസം നേടണം.
- ❖ സർവ്വോപരി സമഗ്ര ഗുണമേന്മയിലധിഷ്ടിതമായ വിദ്യാഭ്യാസം.

ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്കൊരുമിച്ച് മുന്നേറാം.

# വിദ്യാലയം മികവിന്റെ കേന്ദ്രം

വിദ്യാലയ സ്ഥാപനകാലം മുതൽക്കേ കൊടുങ്ങല്ലൂർ ഉപജില്ല വിദ്യാഭ്യാസ മേഖലയിലെ ഓരോ പ്രവർത്തനങ്ങളിലും ഈ വിദ്യാലയത്തിന്റെ കൈയ്യൊപ്പുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ കായിക മേഖലയിലാണ് അപരാജിതത്വം തുടർന്നതെങ്കിൽ പിന്നീടങ്ങോട്ട് നാനാവിധ മേഖലകളിലേക്കും കടന്നു. ഇന്ന് അത് അക്കാദമിക നേട്ടങ്ങളിലേക്കും വ്യാപിച്ച് കിടക്കുകയാണ്. ശാസ്ത്രമേളകളിലും ഉപജില്ല - ജില്ലാതല മത്സരങ്ങളിലും നിറസാന്നിധ്യമായി നിൽക്കാൻ ഇന്ന് കഴിയുന്നു എന്നത് അഭിമാനാർഹമാണ്. മൂന്ന് വർഷം തുടർച്ചയായി ഉപജില്ലയിലെ മികച്ച സയൻസ് ക്ലബ്ബായി തിരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ സ്കൂളിലെ സയൻസ് ക്ലബ്ബാണ്. ഉപജില്ലയിലെ മികച്ച ശുചിത്വ സ്കൂൾ, മികച്ച ക്ലാസ് ലൈബ്രറി തുടങ്ങിയ മികവുകളും വിദ്യാലയത്തിന് മാറ്റുകൂട്ടുന്നു. ഇക്കഴിഞ്ഞ ഉപജില്ല കലോത്സവത്തിൽ മികവാർന്ന വിജയവും സ്വന്തമാക്കി.

IMUPS AZHICODE
ESTD 1960

# Master Plan

1. അടിസ്ഥാനശാസ്ത്രം
2. ഗണിതം
3. ഇംഗ്ലീഷ്
4. മലയാളം
5. ഹിന്ദി
6. ഉദ്ഗ്രഥിതം (STD I & II)
7. ജൈവവൈവിധ്യം
8. സോഷ്യൽ സയൻസ്
9. ഉർദ്ദു
10. അറബിക്

## ഉപമേഖല : അടിസ്ഥാനശാസ്ത്രം

വിദ്യാഭ്യാസ പശ്ചാത്തലത്തിൽ ഒരു വിദ്യാർത്ഥിയുടെ അറിവ്, വൈദഗ്ധ്യം, ശാസ്ത്ര മനോഭാവം, ശാസ്ത്രബോധം എന്നിവ മെച്ചപ്പെടുത്തി തന്റെ ചുറ്റുമുള്ള ലോകത്തെക്കുറിച്ച് അന്വേഷിക്കുവാനുള്ള അനുഭവങ്ങൾ നൽകുകയും കുട്ടിയുടെ പ്രക്രിയാശേഷികൾ മെച്ചപ്പെടുത്തുന്ന രീതിയിൽ പാഠപുസ്തകത്തിനപ്പുറത്തേക്ക് ബന്ധപ്പെടുത്തി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പഠനം ആയാസരഹിതമാക്കുകയും ശാസ്ത്രത്തിലെ നൂതന ആശയങ്ങൽ ഉൾക്കൊണ്ട് അന്ധവിശ്വാസങ്ങൾ അകറ്റി ശാസ്ത്രബോധമുള്ള പുതിയ തലമുറയെ വാർത്തെടുക്കുക എന്നതാണ് ശാസ്ത്രപഠനം ലക്ഷ്യമാക്കുന്നത്.

### ലക്ഷ്യങ്ങൾ

- ശാസ്ത്രലാബ് വിപുലീകരണം
- ഓരോ കുട്ടിക്കും ശാസ്ത്രകിറ്റ്.
- Home lab സജ്ജീകരണം
- ഫീൽഡ് ട്രിപ്പുകൾ കാര്യക്ഷമമാക്കുക.
- പരീക്ഷണക്കളരി, ശില്പശാല, ശാസ്ത്ര ക്ലബ്ബുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ എന്നിവയിലൂടെ കുട്ടികളുടെ പ്രക്രിയാശേഷികളുടെ വികസനം സാധ്യമാക്കുക.
- ശാസ്ത്രപഠനം കല, കായികം, തൊഴിൽ എന്നിവയുമായി ബന്ധപ്പെടുത്തി വേണ്ട പരിശീലനം നൽകുക.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

### നിലവിലെ പരിമിതികൾ

- ലാബിലെ സ്ഥലപരിമിതി, ഒരേ സമയം എല്ലാ കുട്ടികൾക്കും പരീക്ഷണ നിരീക്ഷണങ്ങലിൽ ഏർപ്പെടാൻ സാധിക്കുന്നില്ല.
- ശാസ്ത്ര പാർക്ക് ഇല്ല
- വാഷ്ബേസിൻ ഇല്ല

## അക്കാദമിക മാസ്റ്റർ പ്ലാൻ

### അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യ ങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരി ച്ചറിയൽ. | <u>ജൈവവൈവിധ്യ പാർക്ക് നിർമ്മാണം</u><br><br>കുളം, ഔഷധ തോട്ടം, പച്ചക്കറി തോട്ടം, ശല ഭോദ്യാനം, ജൈവവേലി, ഇരിപ്പിടങ്ങൾ, കളിസ്ഥ ലം, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, ഔഷധസസ്യങ്ങൾ പേരെഴുതിവെക്കൽ, സസ്യവായന, പരിസ്ഥിതി ദിനാചരണം.. | മെയ് മുതൽ | സയൻസ് ഇക്കോ ക്ലബ്ബ് | പി.ടി.എ |
| കല, തൊഴിൽ ഉദ്ഗ്രഥനം | കല, തൊഴിൽ മേഖലയു മായി ബന്ധപ്പെടുത്തി പാഴ്വസ്തുക്കൾ ഉപയോ ഗിച്ച് ഗ്രോബാഗ് (ഉദാ:ജീൻസ്, ഗ്രോബാഗ്, പ്ലാസ്റ്റിക് കുപ്പികൾ), അല ങ്കാര വസ്തുക്കൾ, ചെടി കൾ, വെർട്ടിക്കൽ ഗാർഡൻ ഇവ ഉണ്ടാക്കുന്നു.<br><br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട പിന്തുണ നൽകി ഇത്തരം പ്രവർത്തനങ്ങ ളിൽ പങ്കാളികളാക്കുന്നു. | ജൂൺ മുതൽ | സയൻസ് & ഇക്കോ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം, നിരീക്ഷണ പാടവം കൂട്ടാൻ | <u>ഫീൽഡ് ട്രിപ്പ്</u><br>കാവുകൾ സന്ദർശിക്കൽ, കണ്ടൽക്കാട് നിരീക്ഷണം, കേരള കാർഷിക സർവ്വകലാശാല സന്ദർശനം. കൃഷിയിട സന്ദർശനം. കർഷകനുമായി അഭിമുഖം. | ജൂലൈ മുതൽ | സയൻസ് & ഇക്കോ ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികൾ നേടി കുട്ടികളെ നിശ്ചിത നിലവാരത്തിൽ എത്തിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട അല്ലാതെയും നിത്യജീവിതത്തിൽ പരിചിത വസ്തുക്കൾ ശേഖരിച്ച് ഓരോ കുട്ടിയും സയൻസ് കിറ്റ്, ഹോംലാബ് ഇവ സജ്ജീകരിക്കുന്നു. ലഘുപരീക്ഷണങ്ങൾ ചെയ്ത് പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കി ശാസ്ത്ര പരീക്ഷണങ്ങളുടെ പുസ്തകം തയ്യാറാക്കുന്നു. മാസംതോറും പരീക്ഷണം അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. വിവിധ ശാസ്ത്ര ആശയഹ്ങൾ പങ്കുവെച്ച് ഒരു ഏകദിന ശാസ്ത്രദിന ക്ലാസ്സോടെ ശാസ്ത്ര ക്ലബ്ബിന്റെ ഉദ്ഘാടനം പ്രത്യേകം ക്ഷണിച്ച അതിഥി നിർവ്വഹിക്കുന്നു.<br>പ്രത്യേക പരിഗണനഅർഹിക്കുന്നവർക്ക് ചെയ്യാൻ സാധിക്കുന്ന | ജൂലൈ മുതൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| | രീതിയിൽ ലഘുപരീക്ഷണം രൂപകൽപന ചെയ്ത് അധ്യാപക പിന്തുണയോടെ ചെയ്യിക്കുന്നു. | | | |
| 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | 5, 6, 7 ക്ലാസുകളിലെ പാഠഭാഗങ്ങളെ ആസ്പദമാക്കി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റ്, പരീക്ഷണ സാമഗ്രികൾ എന്നിവ തയ്യാറാക്കുന്നു. | ജൂൺ മുതൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| ശാസ്ത്ര സർഗ്ഗാത്മകതക്കുള്ള അവസരം, ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നൈപുണി വർദ്ധിപ്പിക്കൽ. | <u>ലാബ് ശാസ്ത്രീകരണം. ശില്പശാല</u><br>രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തി ഉപകരണ നിർമ്മാണ ശില്പശാല നടത്തി ശാസ്ത്രലാബ് നവീകരിക്കരിക്കുകയും ശാസ്ത്രമൂലയിലേക്കുള്ള വിഭവ ശേഖരണം നടത്തുകയും ചെയ്യുന്നു. മാസത്തിൽ ശാസ്ത്ര മാജിക് സംഘടിപ്പിക്കുന്നു. ശാസ്ത്ര നാടകങ്ങളുടെ അവതരണം പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. | ജൂലൈ മുതൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| ആധുനിക സാങ്കേതികവിദ്യ പരിചയപ്പെടുത്തൽ. | ഐ.സി.ടി യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ജൂലൈ മുതൽ | സയൻസ് ടീച്ചർ | പി.ടി.എ |
| ശാസ്ത്ര അവബോധവും ഗവേഷണാത്മകചിന്ത തുടഹ്ങിയവ വർദ്ധിപ്പിക്കുന്നതതിന് | ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം സംഘടിപ്പിക്കുകയും, സെമിനാർ, പ്രോജക്ട് എന്നിവയുടെ അവതരണത്തിന് അവസരമൊരുക്കുകയും ചെയ്യുന്നു | ജൂൺ | സയൻസ് ക്ലബ്ബ് | |
| ആരോഗ്യം കായികം | . ശാസ്ത്രവും ആരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകുകയും, ഹെൽത്ത് ക്യാമ്പ്, ഭക്ഷ്യമേള തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുന്നു.<br>ഫസ്റ്റ് എയ്ഡ് അവയർനസ് ക്ലാസ് നൽകുന്നു. | ഒക്ടോബർ മുതൽ | ഹെൽത്ത് ക്ലബ്ബ്, സയൻസ് ക്ലബ്ബ് | പിടിഎ |
| ശാസ്ത്ര ബോധവും ശാസ്ത്ര പ്രക്രിയാശേഷിയും വർദ്ധിപ്പിക്കാൻ | വിവിധ പരീക്ഷണങ്ങളും ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകളും കുട്ടികൾ നിർമ്മിച്ച ഉപകരണങ്ങളും ചേർത്ത് 'സ്കൂൾതലാസ്ത്രോത്സവം' സംഘടിപ്പിക്കുന്നു. | ഒക്ടോബർ | സയൻസ് ക്ലബ്ബ്, വർക്ക് എക്സ്പീരിയൻസ് ക്ലബ്ബ് | പി.ടി.എ |

## ഗണിതം

വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ജീവിതത്തിലെ എല്ലാ മേഖലകളേയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. അതുകൊണ്ട് തന്നെ നിത്യജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട വിവിധ സന്ദർഭങ്ങളെ നേരിടുന്നതിന് ചതുഷ്ക്രിയകളുടെ സഹായത്തോടെ അവ പരിഹരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്.

അറിഞ്ഞ ആശയങ്ങളുടെ പ്രയോഗമാണ് ഗണിത പഠനത്തിൽ നടക്കുന്നത്. എല്ലാ കുട്ടികളും ഗണിതപഠനത്തിന്റെ രസം അറിഞ്ഞു പഠിക്കമ്പോഴാണ് പഠനം ഫലപ്രദമാകുന്നത്.

**ലക്ഷ്യങ്ങൾ**

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
- ഗണിതക്ലാസ്സുകൾ പ്രവർത്തനാധിഷ്ഠിതമാക്കുക.
- ഗണിത പഠനം ആകർഷകമാക്കുക.
- ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കൽ.
- അപ്പർ പ്രൈമറി തലം വരെയുള്ള കുട്ടികളിൽ യുക്തി ചിന്ത, മനകണക്കുകൾ ഇവയിൽ പ്രാവീണ്യം നേടുന്നതിന്.
- ഐ.ടി. അധിഷ്ഠിത ഗണിത പഠനം

## നിലവിലെ അവസ്ഥ

- കുട്ടികളിൽ സംഖ്യാബോധം ഉണ്ടെങ്കിലും ചതുഷ്ക്രിയകളിൽ പിന്നോക്കാവസ്ഥയാണ്.
- അപഗ്രഥിച്ച് നിഗമനത്തിലെത്താനുള്ള കഴിവ് കുറവാണ്.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിന് പ്രാപ്തരായിട്ടില്ല.
- വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്ത്വങ്ങൾ രൂപീകരിക്കാൻ പലർക്കും കഴിയുന്നില്ല.
- ഓർത്തെടുക്കാനും കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഗണിതക്രിയകൾ ചെയ്യാൻ കുട്ടികൾ ഉത്സാഹം കാണിക്കുന്നുണ്ട്.

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | നമ്പർ കാർഡുകൾ, മഞ്ചാടിക്കുരു, മുത്തുകൾ, സ്ട്രോകൾ, അബാക്കസ്, ഫ്ളാഷ്കാർഡ്, വീഡിയോ... എന്നിവ ഉപയോഗിച്ച് കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നു. | ജൂൺ & ജൂലൈ | ഗണിത അധ്യാപിക | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കുന്നു. | ഗണിതാശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി ഗണിതം കളികളിലൂടെ അവതരിപ്പിക്കുന്നു. ഉദാ: സ്കിറ്റ്, ഡാൻസ് | ആഗസ്റ്റ് സെപ്തംബർ | ഗണിത അധ്യാപിക, ഗണിത ക്ലബ്ബിലെ കുട്ടികൾ | |
| ഗണിത ശില്പശാല | ഗണിതപ്പെട്ടിയിലേക്കുള്ള സാധനങ്ങളുടെ നിർമ്മാണം. | ആഗസ്റ്റ് സെപ്തംബർ | ഗണിത അധ്യാപിക | 2000.00 |
| ഗണിതാശയങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിന് | ഗണിതപഠനം എളുപ്പമാക്കുന്നതിന് വേണ്ടി ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്ന ശില്പശാല. | ഒക്ടോബർ | | 3000.00 |
| ഗണിത നിർമ്മിതങ്ങളും ഗണിതാശയങ്ങളും പ്രായോഗികവൽക്കരിച്ചിരിക്കുന്നത് കണ്ടറിഞ്ഞ് മനസ്സിലാക്കൽ. | പഠനയാത്ര | നവംബർ | | 5000.00 |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ ഇനിയും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപിക, സമർത്ഥരായ കുട്ടികളും | |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലുള്ള ഗണിതലാബ് വിപുലീകരിക്കുന്നു. | ഡിസംബർ & ജനുവരി | ഗണിത അധ്യാപിക, കുട്ടികളും | |
| ഗണിതോൽപ്പന്നങ്ങളുടെ പ്രദർശനം | അക്കാദമിക വർഷത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെട്ട മികവുകളുടെ പ്രദർശനം | ഫെബ്രുവരി മാർച്ച് | ഗണിത അധ്യാപിക, കുട്ടികളും | |

IMUPS AZHICODE ESTD 1960

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ | ➢ Joining Dots – അക്ഷരങ്ങൾ, വാക്കുകൾ, ചിത്രങ്ങൾ എന്നിവ കുത്തുകൾ യോജിപ്പിക്കുന്നു. നിറം നൽകുന്നു. വാക്കുകൾ കണ്ടെത്തുന്നു. | എല്ലാ മാസവും | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | ➢ English Fest – ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളേയും സമൂഹത്തിലെ മറ്റു വ്യക്തികളേയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു. കഥപറയൽ, കഥയെഴുത്ത്, റോൾ പ്ലേ, നാടകം, പ്രസംഗം, കവിത ആലാപനം, ആക്ഷൻ സോങ്ങ് തുടങ്ങിയവ ക്യാമ്പിൽ ഉൾപ്പെടുത്താം. ക്യാമ്പിനൊടുവിൽ documentary, film show, short film എന്നിവ പ്രദർശിപ്പിക്കാം. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ ഭാരവാഹികൾ, രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കു വാനും അവസരം ഒരുക്കുന്നു. | ➢ Let's talk – പ്രതിഭാധന രുമായി സംവദിക്കൽ.<br>➢ Follow Me if You Can – ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാ നുള്ള പരിശീലനം നൽകുന്നു.<br>➢ English podcasts – ഇംഗ്ലീഷ് podcasts റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരി യായ ഉച്ചാരണം ശ്രവിക്കുവാൻ അവ സരം ഒരുക്കുന്നു. | ആഗസ്റ്റ്<br>ജൂൺ<br>ജൂൺ | ഇംഗ്ലീഷ് അധ്യാപകർ<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | ➢ Damsharas Game – ആശയം നൽകി ഇംഗ്ലീ ഷിൽ ഏകാഭിനയ ത്തിന് പ്രോത്സാഹനം നൽകുന്നു.<br>➢ Reading cards – വ്യത്യസ്ത തലങ്ങളി ലായി വിവിധ വായനാ കാർഡുകൾ ക്രമീകരി ക്കുന്നു. തെറ്റ് കൂടാതെ വായിക്കുവാൻ അവ സരം നൽകുന്നു. (ല ളിതമായതിൽ നിന്നും സങ്കീർണ്ണതയിലേക്ക്)<br>➢ Conversation – പാഠഭാഗ വുമായി ബന്ധപ്പെ ട്ടതോ അല്ലാത്തതോ | സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ആയ കഥകൾ ഡ്രാമ രൂപത്തിൽ അവതരിപ്പി ക്കുവാനുള്ള അവസരം നൽകുന്നു.<br>➤ Reader of the Month – ഇംഗ്ലീഷ് പുസ്തക ങ്ങളും മറ്റും വായിക്കു വാനവസരം നൽകി Reader of the Monthനെ ആദരിക്കുന്നു. | എല്ലാ മാസവും | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതു വാൻ പ്രാപ്തരാ ക്കുന്നു. | ➤ കുട്ടികളുടെ കലാ സൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവ സാനം | ഇംഗ്ലീഷ് അധ്യാപകർ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### മലയാളം

കുട്ടികളിലെ വിവിധ തരത്തിലുള്ള പഠന പിന്നോക്കാവസ്ഥ പരിഹരിച്ച് എല്ലാവരെയും എഴുത്തിലും വായനയിലും മുൻനിരയിലേക്ക് എത്തിച്ച് പഠനം ഒരു പുതിയ അനുഭവമാക്കി മാറ്റുന്നതിനു വേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ.

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞ് വായിക്കാനും എഴുതാനും കഴിയുന്നു എന്ന് ഉറപ്പാക്കുന്നു.
- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് നിലവാരത്തിനനുസരിച്ചുമുള്ള ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

### നിലവിലെ അവസ്ഥ

ഭാഷാപഠന പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നവർ ഉണ്ടെങ്കിലും ചുരുക്കം ചിലർക്ക് പഠന പിന്നോക്കാവസ്ഥ ഉണ്ട്. അവ പരിഹരിക്കുന്നതിനായി പ്രത്യേക ക്ലാസ്സുകൾ നടത്തിവരുന്നു. 4 മണി മുതൽ 5 മണി വരെ എല്ലാ ദിവസവും അവർക്ക് പ്രത്യേക ക്ലാസ് ഉണ്ട്. ഈ ക്ലാസിലൂടെ അവരുടെ നിലവിലെ അവസ്ഥക്ക് ചെറിയ മാറ്റം വന്നിട്ടുണ്ട്. എന്നാൽ ചുരുക്കം ചില കുട്ടികൾക്ക് ഇപ്പോഴും പഠനപ്രയാസങ്ങൾ ഉണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളിലൂടെ ഇവരെ കൂടി മുൻധാരയിലേക്ക് എത്തിക്കാൻ സാധിക്കും.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ➢ വായനാകാർഡുകൾ നൽകി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് പ്രത്യേക ക്ലാസ്സുകൾ നൽകുന്നു.<br>➢ അക്ഷര കാർഡുകൾ നൽകി പദനിർമ്മാണം, ചിഹ്നങ്ങൾ പരിചയ പ്പെടുത്തി കൂടുതൽ പദങ്ങൾ കണ്ടെത്തൽ. | ലക്ഷ്യം നേടുന്നതു വരെ | ക്ലാസ് ടീച്ചർ | |
| എല്ലാ കുട്ടി കൾക്കും അക്ഷര ങ്ങളും ചിഹ്ന ങ്ങളും തിരിച്ച റിഞ്ഞ് വായി ക്കാനും എഴു താനും കഴിയുന്നു എന്ന് ഉറപ്പ് വരുത്തുക. | ➢ പ്രിടെസ്റ്റ് നടത്തുന്നു. ചിഹ്നങ്ങളും അക്ഷര ങ്ങളും തിരിച്ചറിയാനാ വാത്ത കുട്ടികളെ കണ്ടെത്തുന്നു. അവർക്ക് വേണ്ടി പ്രത്യേക പ്രവർത്തന ങ്ങൾ നടത്തുന്നു.<br>➢ കണ്ടെത്താം കൂട്ടുകൂടാം അക്ഷരകാർഡുകൾ, ചിത്രകാർഡുകൾ തുടങ്ങി യവ വിതരണം ചെയ്യു ന്നു. ഓരോരുത്തർക്കും ലഭിച്ച കാർഡിന് നേരെ യോജിച്ചു വരുന്ന അക്ഷ രകാർഡ് കിട്ടിയവർ കൂട്ടു കൂടുന്നു. ചിത്രങ്ങൾ പര സ്പരം കൈമാറി എഴുതു കയും വായിക്കുകയും ചെയ്യുന്നു. | ജൂൺ മാസം<br><br>ദീർഘകാലം | | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | തുടർ പ്രവർത്തനങ്ങൾ: ചിത്രങ്ങൾ മാത്രം നൽകി വാക്കുകൾ എഴുതുവാൻ പറയുന്നു. ചിഹ്നം ചേർത്ത് വാക്യങ്ങൾ പൂർത്തിയാക്കാൻ പറയുന്നു. തെറ്റിയ ചിഹ്നങ്ങൾ വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതാൻ പറയുന്നു.<br>➢ ഐസിടി ഉപയോഗിച്ച് ചെറിയ വീഡിയോകൾ കാണിക്കുന്നു. വീഡിയോയിലെ ഇഷ്ടപ്പെട്ട കഥാപാത്രം ഏതെന്ന് എഴുതാൻ പറയുന്നു. അതുമായി ബന്ധപ്പെട്ട് വരുന്ന വാക്കുകൾ സ്വയം എഴുതാൻ പറയുന്നു. | | | |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | ➢ എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു.<br>മികച്ച അവതരണത്തിന് സമ്മാനം നൽകുന്നു. അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വായനാദിനത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് സമ്മാനങ്ങൾ നൽകുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ➢ എഴുത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവർ കണ്ട കാഴ്ചകൾ പറയാനും ചിത്രീകരിക്കാനും അവസരങ്ങൾ നൽകുന്നു. ക്ലാസിൽ അവർക്ക് യാത്രാനുഭവം അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | | |
| പഠിതാവിൽ അർത്ഥപൂർണ്ണ വായന ഉറപ്പ് വരുത്തുന്നു. | ➢ ചെറിയ ചെറിയ കഥാപുസ്തകങ്ങൾ, മാസികകൾ, പത്രം, ആഴ്ചപതിപ്പ് തുടങ്ങിയവ വായിക്കാനുള്ള അവസരം ക്ലാസ്സിൽ നൽകുന്നു. ഇതിലൂടെ കുട്ടികളുടെ ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഐസിടി ഉപയോഗിച്ച് കഥകൾ, പാട്ടുകൾ കേൾപ്പിക്കുന്നു. പിന്നീട് ആ കഥകളും പാട്ടുകളും സർഗ്ഗമേളയുടെ പിരീഡുകളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ക്ലാസിൽ ഒഴിവ് സമയം വരുമ്പോൾ<br>പ്രതിമാസം | മലയാളം അധ്യാപകർ<br>മലയാളം ക്ലബ്ബ് | |
| | ➢ വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിര | പ്രതിമാസം | മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | | | |
| കുട്ടികളുടെ വാർത്താവതരണം | ➢ വാർത്താപ്പെട്ടി : നല്ല വായനക്കാരെ കണ്ടെത്തി സ്കൂളിലെ ഓരോ മാസതതേയും പ്രവർത്തനങ്ങൾ വാർത്തയായി അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>➢ അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി മത്സരങ്ങൾ നടത്തുന്നു.<br>➢ എല്ലാ കുട്ടികളുടേയും രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസ്തല പതിപ്പ് തയ്യാറാക്കുന്നു. കഥാരചന, കവിതാരചന, ചിത്രരചന എന്നിവ നടത്തുന്നു. | ഓരോ മാസവും<br><br>രണ്ട് മാസത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്ബ് | |
| കഥാസന്ദർഭം, വായിച്ച സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു. | ➢ തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു. ഗ്രൂപ്പായി തിരിച്ച് നല്ലവണ്ണം വായന നടത്തിയ കുട്ടിയെ കണ്ടെത്തുന്നു. പിന്നീട് ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു. മികച്ച വായനക്കാരെ | മികച്ച വായനക്കാരെ കണ്ടെത്തുന്നതുവരെ പ്രവർത്തനം തുടരുന്നു. | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | കണ്ടെത്തുന്നു. അവർക്ക് സമ്മാനങ്ങൾ നൽകുന്നു. അവരുടെ അവതരണം സ്കൂളിന്റെ യുട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്യുന്നു. | | | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ➢ രംഗാവിഷ്ക്കാരം സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. വിദഗ്ധരായ സാഹിത്യ കാരന്മാരെ പങ്കെടുപ്പിച്ച് ശില്പശാല നടത്തുന്നു. | അക്കാദമിക് വർഷം | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ഹിന്ദി (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ➢ യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.<br>➢ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | ➢ ഹിന്ദിയിൽ സ്വന്തം പേരെഴുതിയ ഐ.ഡി കാർഡ് നൽകുന്നു.<br>➢ അക്ഷരം എഴുതൽ<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ അക്ഷരകാർഡ്<br>➢ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>➢ വാക്കുകൾ, വാക്യങ്ങളുടെ നിർമ്മാണം.<br>➢ പ്രിടെസ്റ്റ്<br>➢ ഓഡിയോ വീഡിയോ<br>➢ പുതിയ പദങ്ങൾ<br>➢ പദ്യങ്ങൾ താളലയത്തിൽ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊണ്ട് പഠിപ്പിക്കും. | ജൂൺ ആഗസ്റ്റ് | അക്ഷരചാർട്ട്, പാഠപുസ്തകം | പി.ടി.എ ഐ.സി.ടി റിസോഴ്സ് ടീച്ചർ |
| ➢ വീട് പരീക്ഷണശാലയാക്കി കൊണ്ട് നിത്യവും കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ | ➢ ഗൃഹോപകരണങ്ങളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>➢ ഐ.സി.ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | പി.ടി.എ ഐ.സി.ടി |

| | | | | |
|---|---|---|---|---|
| വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.<br>➢ ഹിന്ദി വായിക്കാനും സംസാരിക്കാനുമുള്ള പരിശ്രമം ചെയ്യുന്നു.<br>➢ നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുന്നു. | അവസരം.<br>➢ ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കുക.<br>➢ നിരന്തരം പുസ്തകം വായിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും.<br>➢ മത്സര വായന നടത്തി സമ്മാനം നൽകുന്നു. | | | |
| ➢ ഭാവാഭിനയം, ബോഡി ലാംഗ്വേജിലൂടെ (കോഡ് മിക്സിംഗ്, കോഡ് സ്വിച്ചിംഗ്) ആശയത്തിലേക്ക് എത്തിക്കാനുള്ള പ്രവർത്തനം.<br>➢ ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br>➢ സുരീലി ഹിന്ദി<br>➢ ചിന്തയ്ക്കും കുട്ടിയുടെ കഴിവിനും പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ | ➢ ഹിന്ദി ദിനാചരണം (സെപ്തംബർ 14,ജനുവരി 10)<br>➢ ഹിന്ദി അസംബ്ലി<br>➢ ക്ലാസ്സ് ലൈബ്രറി<br>➢ അധിക വായനാസാമഗ്രികൾ<br>➢ ഹിന്ദിയിൽ കഥപറയൽ<br>➢ കഥ എഴുതൽ<br>➢ കഥ ബാക്കി എഴുതൽ<br>➢ ഹിന്ദി പാഠഭാഗത്തിലെ ചോദ്യങ്ങൾ, ഉത്തരങ്ങൾ പറയിപ്പിക്കൽ<br>➢ ഹിന്ദി ആൽബം | നവംബർ മുതൽ ഫെബ്രുവരി | പുസ്തകങ്ങൾ | പി.ടി.എ<br>ഐ.സി.ടി |
| ➢ യു.പി തലത്തിലെ ഭിന്ന | ➢ അക്ഷരം<br>➢ എഴുത്ത് | ജൂൺ മുതൽ | ➢ റാംപ്<br>➢ അക്ഷര | PTA<br>IEDC ടീച്ചർ |

| | | | | |
|---|---|---|---|---|
| ശേഷി കുട്ടികൾ | ➢ ഓരോ കുട്ടിക്കും അവരവരുടെ കുറവുകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ, സാഹചര്യം ഒരുക്കൽ<br>➢ വീഡിയോ പ്രദർശനം<br>➢ ചിത്ര പ്രദർശനം<br>➢ ഓഡിയോ | ഫെബ്രുവരി വരെ | ചാർട്ട്<br>➢ ചിത്രങ്ങളുടെ ചാർട്ട്<br>➢ ബ്രെയിൻ ലിപി<br>➢ ശ്രവണ സഹായി | ക്ലാസ്സ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**STD I & II**

പ്രിപ്രൈമറി കഴിഞ്ഞ് വരുന്ന കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് വായനയിലേക്കും എഴുത്തിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ ആശയാവതരണ രീതിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ➤ അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയൽ | മണലിലെഴുത്ത്, അക്ഷരക്കാർഡ് തുടങ്ങിയവ നൽകി പരിശീലനം നൽകുന്നു. ഉദാ: Sand paper/മണലിൽ കുട്ടികളെ അക്ഷരങ്ങൾ എഴുതിക്കുന്നു. അക്ഷരക്കാർഡുകൾക്ക് നിറം നൽകുന്നു. ഇതിലൂടെ അക്ഷരങ്ങളുടെ ആലേഖനക്രമം തിരിച്ചറിയുന്നു. അക്ഷരചിഹ്നചക്രം നൽകി ചിഹ്നങ്ങൾ ഉറപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ ജൂലൈ | |
| ➤ വായനയിലെ പിന്നോക്കാവസ്ഥ | ചിത്രങ്ങൾ നൽകി ആശയവ്യക്തത വരുത്തി, വായനാക്കാർഡുകൾ, പദക്കാർഡുകൾ എന്നിവ നൽകി വായനയിൽ പരിശീലനം | ക്ലാസ് ടീച്ചർ | ജൂലൈ | |

| | | | | |
|---|---|---|---|---|
| | നൽകുന്നു. ഇതിനായി ഐസിടി പ്രയോജന പ്പെടുത്തുന്നു. ഉദാ: മല, വലിയ മല, മലയിൽ മരം. പുഴ, വലിയ പുഴ, പുഴയിൽ മീൻ. | | | |
| ➢ ആശയങ്ങൾ പറഞ്ഞും എഴു തിയും അവതരി പ്പിക്കുന്നു.<br>➢ ചിത്രങ്ങളിലെ ആശയങ്ങൾ കണ്ടെത്തി പദ ങ്ങൾ, വാക്യങ്ങൾ എന്നിവ പറയു കയും എഴുതു കയും ചെയ്യൽ. മനസ്സിലാക്കിയ കാര്യങ്ങൾ നിശ്ചിത വാക്കുക ളിൽ ചിത്രസ ഹിതം അവതരിപ്പി ക്കൽ. | ടീച്ചർ കഥ അവതരിപ്പി ക്കുന്നു. അവതരണഘ ട്ടത്തിൽ ചില ചോദ്യ ങ്ങൾ ചോദിക്കുന്നു. ഉത്തരങ്ങൾ ലഭിക്കുന്ന തിനായി ചില സൂചന കൾ നൽകുന്നു. കുട്ടി കൾ പറഞ്ഞ ആശയ ങ്ങളുടെ ലിഖിത രൂപം അവർ കാൺകെ ടീച്ചർ ഉറക്കെ പറഞ്ഞു കൊണ്ട് (പദം/വാക്യം) ചാർട്ടിൽ എഴുതുന്നു. വായിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | ആഗസ്റ്റ്<br>സെപ്തംബർ | |
| ➢ എഴുത്തിലെ ചിട്ടക്കുറവ് പരി ഹരിക്കൽ | ആലേഖനക്രമം ടീച്ചർ ബോർഡിൽ തുടർച്ച യായി എഴുതി കാണി ക്കുന്നു. കുട്ടികൾ ഒപ്പം എഴുതുന്നു. പ്രദർശിപ്പിക്കുന്നു. മികച്ചതിന് പ്രോത്സാ ഹനം നൽകുന്നു. രണ്ട് വരക്കോപ്പി, നാലുവര കോപ്പി എന്നിവ ദിനം പ്രതി എഴുതിക്കുന്നു. | ക്ലാസ് ടീച്ചർ | ജൂലൈ ആഗസ്റ്റ് | |
| ➢ സ്വന്തം അനുഭ | രക്ഷിതാവിന്റെ/ അധ്യാ | ക്ലാസ് | സെപ്തംബർ | |

| | | | | |
|---|---|---|---|---|
| വങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | പികയുടെ സഹായത്തോടെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിനായി സംയുക്ത ഡയറി കുട്ടികളെക്കൊണ്ട് എഴുതിക്കുന്നു. | ടീച്ചർ | | |
| ➢ സ്വതന്ത്രരചന പരിപോഷിപ്പിക്കൽ.<br>➢ ഭാഷാശേഷി വികസിപ്പിക്കൽ | തുടക്കത്തിൽ കുട്ടി രക്ഷിതാവിന്റെ സഹായത്തോടെയും തുടർന്ന് കുട്ടി സ്വന്തമായും എഴുതുന്നു. | ക്ലാസ് ടീച്ചർ | ഒക്ടോബർ | |
| ➢ പാഠഭാഗങ്ങൾ സചിത്രപുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു. | സചിത്ര പാഠങ്ങൾ പരിചയപ്പെടുത്തുന്നതിനും ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനുമായി ഏകദിന രക്ഷാകർതൃ ശിൽപശാല നടത്തുന്നു. സചിത്ര വർക്ക്ബുക് കുട്ടികൾ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ക്ലാസ് ടീച്ചർ | ഒക്ടോബർ | |
| ➢ താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | പാട്ടരങ്ങ് : പാഠഭാഗത്തെ കവിതകളും മറ്റു വായ്ത്താരികളും കുട്ടികളെ പരിചയപ്പെടുത്തുന്നു. കുട്ടികൾക്ക് പാടാനുള്ള അവസരം നൽകുന്നു. | ക്ലാസ് ടീച്ചർ | ഒക്ടോബർ മുതൽ ഡിസംബർ | |
| ➢ കുട്ടികൾ മികച്ച വായനക്കാരായി മാറുന്നതിനായി മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങ | റീഡേഴ്സ് തിയേറ്റർ : പാഠഭാഗത്തിലെ ഒരു ഭാഗം കുട്ടികൾ ഭാവ വ്യത്യാസങ്ങളോടെ വായിച്ച് അവതരിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | നവംബർ | |

| | | | | |
|---|---|---|---|---|
| ളിൽ ഏർപ്പെടുന്നു. | | | | |
| ➢ സംഖ്യാബോധം : സംഖ്യകൾ ക്രമമായി എണ്ണാനും എഴുതാനുമുള്ള കഴിവു നേടൽ. | ➢ മഞ്ചാടി സഞ്ചിയിലെ കമ്പുകെട്ടുകൾ, മഞ്ചാടി, സ്ട്രോ, പുളിങ്കുരു എന്നിവ ഉപയോഗിച്ച് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. കുഞ്ഞു പുസ്തകം പ്രയോജനപ്പെടുത്തി ഉറപ്പിക്കുന്നു.<br>➢ സംഖ്യാകാർഡുകൾ, സംഖ്യാ റിബ്ബൺ, സംഖ്യമാല ഇവ ഉപയോഗപ്പെടത്തി സംഖ്യാബോധനം ഉറപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | നവംബർ | |
| ➢ അമൂർത്തമായ ആശയങ്ങൽ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവില്ലായ്മ പരിഹരിക്കുന്നതിന് | ➢ മഞ്ചാടി സഞ്ചിയിലെ മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നൽകുന്നു.<br>ഉദാ: 00+00 = 0000<br>മൂർത്തവസ്തുക്കളെ സംഖ്യയുമായി ബന്ധപ്പെടുത്തുന്നു. 2+3=5 കൂടതൽ ഉദാഹരണങ്ങൾ നൽകി അമൂർത്ത ആശയത്തിലേക്ക് എത്തിക്കുന്നു. | ക്ലാസ് ടീച്ചർ | ഡിസംബർ | |
| ➢ സംഖ്യക്ക് മുൻപും ഇടയിലും ശേഷവുമുള്ള സംഖ്യകളെ | ➢ മഞ്ചാടി സഞ്ചിയിലെ സംഖ്യാകാർഡുകൾ ഉപയോഗിച്ച് പരിശീലനം നൽകുന്നു. | ക്ലാസ് ടീച്ചർ | ഡിസംബർ | |

| | | | | |
|---|---|---|---|---|
| കണ്ടെത്തൽ<br>➢ ആരോഹണ അവരോഹണ ക്രമം തിരിച്ചറിയുന്നതിന് | ➢ മഞ്ചാടി സഞ്ചയിലെ സംഖ്യാകാർഡുകൾ, സംഖ്യാമാല, ചിത്രങ്ങൾ, കലണ്ടർ എന്നിവ നൽകി നിരന്തരം പരിശീലനം നൽകുന്നു. | | | |
| ➢ രണ്ടക്ക സംഖ്യകളുടെ സങ്കലനം | ➢ മഞ്ചാടിസഞ്ചിയിലെ മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ലഘു സങ്കലനക്രിയ പരിശീലിപ്പിക്കുന്നു. ശേഷം രണ്ടക്കസംഖ്യകളിലും പരിശീലനം നൽകുന്നു.(ഐ.സി.ടി) | ക്ലാസ് ടീച്ചർ | ജനുവരി | |
| ➢ രണ്ടക്ക സംഖ്യകളുടെ വ്യവകലനം | ➢ മഞ്ചാടി സഞ്ചി, ഡോമിനോസ് എന്നിവ ഉപയോഗിച്ച് വ്യവകലന പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നു. ഐസിടി പ്രയോജനപ്പെടുത്തുന്നു. | ക്ലാസ് ടീച്ചർ | ജനുവരി | |

IMUPS AZHCODE ESTD 1960

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : ജൈവവൈവിധ്യം

### നിലവിലുള്ള അവസ്ഥ

സ്കൂൾ കോമ്പൗണ്ടിൽ, പച്ചക്കറി തോട്ടം, ഔഷധ ഉദ്യാനം, ശലഭോദ്യാനം, ജൈവകുളം എന്നിവ ഉൾക്കൊള്ളുന്ന ഒരു ജൈവവൈവിധ്യ ഉദ്യാനം നിലനിൽക്കുന്നുണ്ട്. കൂടാതെ ഹരിത ക്ലബ്ബിന്റെ നേതൃത്വത്തിൽ നിരവധി പാഠ്യേതര പ്രവർത്തനങ്ങളും നടന്നുവരുന്നു. ചെണ്ടുമല്ലി കൃഷി, വിത്ത് പന്തൽ, പരിസരപ്രദേശങ്ങളിലെ ആവാസവ്യവസ്ഥ സന്ദർശിക്കൽ, ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളായ പ്രോജക്ടുകൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. പ്ലാസ്റ്റിക് മാലിന്യ പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയുമായി ചേർന്ന് നല്ല രീതിയിൽ നടന്നുവരുന്നു.

### ലക്ഷ്യങ്ങൾ

സ്കൂൾ തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് ജൈവവൈവിധ്യ പാർക്ക് വിപുലീകരിക്കുക, പഠന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി പഠനപ്രവർത്തനങ്ങൾ രസകരവും ലളിതവുമാക്കുക, പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി നിരവധി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

# ജൈവവൈവിധ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➢ സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | ➢ നിലവിലുള്ള ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ജൈവകുളം, ജൈവവേലി, ജൈവ പന്തൽ, എന്നിവയുടെ വിപുലീകരണവും പരിചരണവും. | അക്കാദമിക വർഷം | Eco Club | പി.ടി.എ |
| ➢ 2025 പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ➢ ആഗോളതലത്തിൽ പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.<br>ഉദാ:<br>• ബോധവൽക്കരണ ക്ലാസ്സ്<br>• പ്രോജക്ടുകൾ<br>• ശില്പശാലകൾ<br>• നിർമ്മാണ പ്രവർത്തനങ്ങൾ<br>• ഫീൽഡ് ട്രിപ്പ്... | അക്കാദമിക വർഷം | Eco Club സന്നദ്ധ സംഘടനകൾ | പി.ടി.എ |
| ➢ പ്ലാസ്റ്റിക് നിയന്ത്രിത വിദ്യാലയം | ➢ പ്ലാസ്റ്റിക് വസ്തുക്കൾ തരംതിരിക്കൽ, ഹരിത കർമ്മസേനയെ ഏൽപ്പിക്കൽ. | അക്കാദമിക വർഷം | Eco Club | പി.ടി.എ |
| ➢ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | ➢ ജൈവ കമ്പോസ്റ്റ് നിർമ്മാണം | അക്കാദമിക വർഷം | Eco Club | പി.ടി.എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉപമേഖല : സാമൂഹ്യശാസ്ത്രം

മനുഷ്യസമൂഹത്തിന്റെ വശങ്ങളെ വിലയിരുത്തുന്ന ഒരു ശാസ്ത്ര ശാഖയാണ് സാമൂഹ്യശാസ്ത്രം. സമൂഹങ്ങളെക്കുറിച്ചും, ആ സമൂഹങ്ങൾക്കുള്ളിലെ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുമാണ് സാമൂഹ്യശാസ്ത്രം എന്ന വിഷയം ഊന്നൽ നൽകുന്നത്. സാമൂഹ്യപ്രതിബന്ധതയുള്ള സമൂഹത്തേയും, വ്യക്തിയേയും സൃഷ്ടിക്കുന്നതിൽ വിദ്യാലയത്തിന് വലിയൊരു പങ്കുണ്ട്.

### നിലവിലെ അവസ്ഥ

വിദ്യാലയത്തിൽ സാമൂഹ്യശാസ്ത്ര പഠനപ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു. നിലവിലെ സാമൂഹ്യശാസ്ത്ര പഠനം മികവുറ്റതാക്കാൻ തരത്തിലുള്ള ശാസ്ത്ര ലാബുകൾ, ഐ.സി.ടി സംവിധാനങ്ങൾ, സാമൂഹ്യശാസ്ത്ര ക്ലബ്ബുകൾ, മാലിന്യ സംസ്ക്കരണ യൂണിറ്റ്, ജൈവകുളം അടങ്ങുന്ന ഭൗതിക സാഹചര്യം എന്നിവ വിദ്യാലയത്തിൽ ഉണ്ട്.

### ലക്ഷ്യങ്ങൾ

- ചരിത്രബോധമുള്ളവരാക്കി മാറ്റുന്നതിന്.
- ഫീൽഡ് ട്രിപ്പുകൾ ഒരുക്കി പഠിതാക്കൾക്ക് നിരീക്ഷണ പാടവം മെച്ചപ്പെടുത്തുന്നതിന്.
- ചരിത്ര മ്യൂസിയം തയ്യാറാക്കൽ, മാതൃക നിർമ്മാണം തുടങ്ങിയവയിലൂടെസർഗ്ഗാത്മകത വളർത്തിയെടുക്കുന്നതിന്.
- ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിലൂടെ ആ വിഷയത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന്.
- ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നതിന്.

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ➢ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Field trip ലൂടെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് ചരിത്രാവബോധം വളർത്തുന്നു. പഠിതാക്കൾ പഠിക്കുന്ന കാര്യങ്ങളെ സ്കൂളിനപ്പുറമുള്ള ജീവിതവുമായി ബന്ധിപ്പിക്കാൻ ഫീൽഡ് ട്രിപ്പുകൾ സഹായിക്കുന്നു. | ജൂലൈ | S.S അധ്യാപകർ |
| ➢ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | 'ലഹരിക്കെതിരെ പോരാടാം' എന്ന വിഷയത്തിൽ ഊന്നൽ നൽകിക്കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഫ്ലാഷ്മോബ് അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | S.S അധ്യാപകർ |
| ➢ ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ തെരഞ്ഞെടുപ്പ് മാതൃകയിലൂടെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭകളിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ വ്യവസ്ഥ മനസ്സിലാക്കുന്നു. | ജൂലൈ | S.S അധ്യാപകർ |
| ➢ ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് | ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഐസിടി സാധ്യതകൾ ഉപ | അക്കാദമിക വർഷം | S.S അധ്യാപകർ |

| | | | |
|---|---|---|---|
| സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | യോഗിച്ച് ബോധവൽക്കരിക്കുന്നു. | | |
| ➢ മ്യൂസിയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | സോഷ്യൽ സയൻസ് ലാബിൽ പഴയകാല ഉപകരണങ്ങളുടെ ശേഖരണം, നാണയങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ചരിത്ര മ്യൂസിയം സജ്ജീകരിക്കുന്നു | അക്കാദമിക വർഷം | S.S അധ്യാപകർ |
| ➢ പഠിതാക്കളുടെ സർഗ്ഗാത്മകത വളർത്തിയെടുക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. | സോഷ്യൽ സയൻസ് ലാബ് നവീകരണം: still model, working model തുടങ്ങിയ മാതൃകകൾ തയ്യാറാക്കിക്കൊണ്ട് ശില്പശാല നടത്തി സോഷ്യൽ സയൻസ് ലാബ് നവീകരിക്കുന്നു. എല്ലാ ക്ലാസ്സുകളിലും ഗ്ലോബ്, മാപ്പ് സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | S.S അധ്യാപകർ |
| ➢ സഹജീവകളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം: പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ ഇവരെ സന്ദർശിച്ച് കഴിയുന്നവിധം സഹായങ്ങൾ ചെയ്യാൻ അവസരങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | S.S അധ്യാപകർ |
| ➢ സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | ക്വിസ്: പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്നവിധം ചോദ്യോത്തര വേളകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | S.S അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ഉപമേഖല : ഉർദു

ഇന്ത്യയിൽ ജനിച്ച് ലോകത്താകമാനം പടർന്നു പന്തലിച്ച ഭാഷയാണ് ഉർദു. അനുദിനം വികസിച്ചുക്കൊണ്ടിരിക്കുന്ന സംഗീത സുന്ദരഭാഷയായ ഉർദു കഥകളുടേയും കവിതകളുടേയും ഖവ്വാലികളുടേയും, ഗസലുകളുടേയും, ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും അന്തർധാരയാണ്. സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും ഭാഷയാണ് ഉർദു.

വിദ്യാർത്ഥികളെ അനായാസം ഭാഷ എഴുതാനും വായിക്കാനും ആശയവിനിമയം നടത്താനുമുള്ള കഴിവ് നേടുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ മുൻധാരയിൽ എത്തിച്ച് വായനയും എഴുത്തും പുതിയ അനുഭവമാക്കി വിദ്യാലയത്തെ സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള സംരംഭം.

### പൊതുലക്ഷ്യങ്ങൾ

- ഉർദു ഭാഷാപഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പ് വരുത്തുക
- എല്ലാ കുട്ടികൾക്കും അക്ഷരമാല തെറ്റു കൂടാതെ എഴുതാനും വായിക്കാനും കഴിയുക.
- എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.

- എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷര തെറ്റ് കൂടാതെ എഴുതാനും ഉച്ചാരണ ശുദ്ധിയോടെ വായിക്കാനുള്ള ശേഷി കൈവരിക്കുന്നതിന്.
- ഭാഷാശേഷി കൈവരിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.
- സർഗ്ഗ കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക.
- ഭാഷ പദസമ്പത്ത് വർദ്ധിപ്പിക്കൽ
- കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരാൻ. നല്ല വായനക്കാരാക്കുക.
- ഭാഷാ പഠനത്തിൽ ഐടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- ഉർദുഭാഷ സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ രചനവാശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

IMUPS AZHICODE
ESTD 1960

# ഉർദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രി | കാലയളവ് | ചുമതല |
|---|---|---|---|---|
| **പഠനം ആ ഗെബന്ധനം** ഉർദു വായന 5, 6,7 ക്ലാസിലെ കുട്ടികൾക്ക്<br><br>ഭാഷ അനായാസം കൈകാര്യം ചെയ്യാനായി വായനശേഷി കൈവരിക്കുന്നതിന് സ്വതന്ത്ര വായന.<br><br>കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. നല്ല വായനക്കാർ ആക്കുക.<br><br>**മെ ഭീലിഖും** ഉറുദു ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന് | ഉറുദുവിൽ വായനാ ശേഷി കൈവരിക്കുന്നതിനായി വിവിധ സാമഗ്രികളുടെയും ഭാഷാ കേളികളുടെയും സഹായത്തോടെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നു.<br><br>IT സഹായത്തോടെ വായന പരിപോഷണം നടത്തുന്നു. വായന മെച്ചപ്പെടുത്തുന്നു- ക്ലാസ് തല അവസരം.<br><br>തെരഞ്ഞെടുത്ത ലളിതമായ ഭാഷ പുസ്തകങ്ങൾ (ഭാഷാലൈബ്രറി) പുസ്തകങ്ങൾ, ചിത്രകഥ, കഥ പുസ്തകം, കുട്ടി കവിതകൾ, പദ കാർഡുകൾ എന്നിവ വായിപ്പിക്കുക.<br><br>വാക്യങ്ങളിലൂടെ പദങ്ങളി ലേക്കും പദങ്ങളിലൂടെ അക്ഷരങ്ങളിലേക്കും അക്ഷരങ്ങളുടെ ഘടന മനസ്സിലാക്കി എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്താനുള്ള പ്രവർത്തനം | ➢ ഉർദു പദ കാർഡുകൾ<br>➢ വായനാ കാർഡുകൾ<br>➢ ചാർട്ടുകൾ<br>➢ ഉർദു പദചാർട്ട്<br>➢ ചിത്ര കാർഡു കൾ<br>➢ ചിത്രവായന<br>➢ ബാല കവിതകൾ<br>➢ അക്ഷരകാർഡ്<br>➢ ചുമർ പത്രിക വായന<br>➢ വായനാമത്സരം<br>➢ പദകേളിയി ലൂടെ വായന<br>➢ ലൈബ്രറി പുസ്തകങ്ങൾ<br>➢ CWSN കുട്ടി കൾക്ക് ആവ ശ്യമായ സാമഗ്രികൾ<br>➢ പ്രി ടെസ്റ്റ് നട ത്താനുള്ള സാമഗ്രി | ജൂൺ മുതൽ മാർച്ച് വരെ 5, 6, 7 | ഉർദു അധ്യാ പിക |
| **എഴുത്ത്** | ▪ കയ്യെഴുത്ത് പരിശീലന ത്തിനായി ബുക്കിൽ പാഠഭാഗം എഴുതുന്ന | ➢ പ്രി ടെസ്റ്റ് നട ത്താനുള്ള സാമഗ്രി | ജൂൺ മുതൽ | |

| | | | | |
|---|---|---|---|---|
| **ചെറുവാക്യങ്ങളുടെ നിർമ്മാണം**<br><br>**സർഗ്ഗാത്മകത**<br>മേരി ആവാസ് സുനോ<br>▪ ശാരീരികവും മാനസികവുമായ ഉല്ലാസ ത്തോടെഅക്കാദമിക നേട്ട ങ്ങൾ കൈവരിക്കുക.<br>▪ മത്സരങ്ങളിൽ അവസരം ലഭിക്കുക.<br>▪ അംഗീകാരം ലഭിക്കുക.<br>▪ പ്രതിഭകളെ വാർത്തെടുക്കുക.<br>▪ പാടാനും എഴുതാനും വരയ്ക്കാനും മത്സര ങ്ങളിൽ ഏർപ്പെടാനു മുള്ള അവസരങ്ങൾ വാർത്തെടുക്കുക.<br><br>**ദിനാചരണങ്ങൾ**<br>ഭാഷ ശേഷി വളർത്തു | പ്രവർത്തനം.<br>▪ പദകേളി.<br>▪ കയ്യെഴുത്ത് മത്സരം.<br>▪ പദകേളിയിലൂടെ വാക്യ നിർമ്മാണം.<br>▪ അക്ഷരമരം.<br>▪ കയ്യെഴുത്ത് മാസിക.<br>▪ ചുമർ പത്രിക നിർമ്മാണം.<br>▪ വായന കാർഡ് നിർമ്മാണം.<br>▪ മാഗസിൻ തയ്യാറാക്കൽ.<br><br>ഉറുദുവിൽ നിന്ന് മലയാളത്തിലേക്ക് മലയാളത്തിൽ നിന്ന് ഉറുദുവിലേക്കും.<br><br>Talent test<br>▪ ചിത്രരചന.<br>▪ പാട്ടുകളുടെ വീഡിയോ പ്രദർശനം.<br>▪ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് കവിതാലാപനം നടത്തുക, കുട്ടികൾക്ക് പങ്കെടുക്കാനും ശ്രമിക്കാനും, ആസ്വദിക്കാനും ഉള്ള അവസരം.<br>▪ ചിത്രരചന, പദ നിർമ്മാണം, ക്വിസ്, കവിതാ രചന, പദകേളി, റോൾപ്ലേ, പോസ്റ്റർ, കവിതാലാപനം, വായന മത്സരം.<br>▪ ഉറുദു ഗസൽ, കവിത ICT ഉപയോഗിച്ച് കാണാനും കേൾക്കാനും ആസ്വദിക്കാനും ഉള്ള അവസരം. | ➢ അക്ഷരപദ കാർഡുകൾ<br>➢ ബുക്ക്<br>➢ ചുമർ പത്രം<br>➢ A4 ഷീറ്റ്<br>➢ സ്കെച്ച്, പശ<br>➢ ചാർട്ട്<br><br>CWSN കുട്ടികൾക്ക് ആവശ്യമായ സാമഗ്രികൾ<br><br>ബുക്ക്, പാഠ<br><br>പെൻസിൽ, ക്രയോൺസ്, A4 sheet, ICT, mobile phone, laptop, ഉർദു കവിത, ഗസൽ, ഹിന്ദുസ്ഥാനി സംഗീതം അടുത്തറിയുക, സംഗീതത്തിൽ തൽപരരാകുക സംഗീതാഭിരുചി വളർത്തുക. പാടാനും പറയാനും എഴുതാനും വരക്കാനും കഴിയുന്ന പ്രതിഭ കളെ വാർത്തെ ടുക്കുക. | മാർച്ച് വരെ | |

| | | | | |
|---|---|---|---|---|
| ന്നതിന് ഉതകുന്ന രീതിയിൽ വിവിധ ദിനാച രണ പരിപാടികൾ സംഘടിപ്പിക്കൽ, ദിനാചരണങ്ങളിൽ ഉറുദു ഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക, സന്ദേശങ്ങൾ ഉറപ്പിക്കുക | ▪ ദിനാചരണങ്ങളുടെ പേര് ഉർദുവിൽ മനസ്സിലാക്കുക, എഴുതുക.<br>▪ CWSN കുട്ടികൾക്കും തുല്യ അവസരം നൽകുന്നു.<br>▪ എല്ലാ ദിനാചരണങ്ങളിലും ഉറുദു ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | ➢ A4 sheet<br>➢ Crayons<br>➢ Chart<br>➢ Sketch<br>➢ Posters<br>➢ Placard<br>➢ News reports<br>➢ ചുമർ പത്രം | | |
| **ഉർദു ഫെസ്റ്റ്**<br>ഭാഷാ നൈപുണി വർദ്ധിപ്പിക്കാൻ ഉതകുന്നത്തിനായി ഉറുദു ദിനത്തിൽ ഉറുദു ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | ▪ ഉറുദു ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലോക ഉറുദു ദിനമായ നവംബർ 9ന് ഉറുദു ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br>▪ മുഴുവൻ കുട്ടികൾക്കും പരിപാടികളിൽ പങ്കെടുക്കാൻ അവസരം. CWSN കുട്ടികൾക്കും അവസരം. | ➢ Laptop, mobile phone<br>➢ A4 sheet, crayons<br>➢ Chart<br>➢ ഉർദു മത്സര സമ്മാന ദാനം ചടങ്ങ്, കലാ അവതരണം, ഗസൽ ആലാപനം | | |
| **ഉർദു അസംബ്ലി**<br>ഉറുദു ഭാഷയുടെ മാധുര്യം പകർന്ന് നൽകുക, ഉറുദുവിൽ അസംബ്ലി നടത്താനുള്ള ശേഷി വർദ്ധിപ്പിക്കുക. | ▪ ഉറുദു അസംബ്ലി സംഘടിപ്പിക്കുന്നു, പ്രതിജ്ഞ, വാർത്ത വായന, ഗാനാലാപനം, ചുമർ പത്രിക, കുട്ടികൾക്ക് പരിശീലനം. | ➢ പ്രാർത്ഥന<br>➢ പ്രതിജ്ഞ<br>➢ വാർത്ത<br>➢ മഹത് വചനം<br>➢ ചുമർ പത്രിക | | |
| **പ്യാരി ഉർദു**<br>പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ സാഹിത്യമാക്കുന്നതിന് പിന്തുണയേകുന്ന പ്രവർത്തനങ്ങളുടെ സഹായത്താൽ വിദ്യാർഥികളുടെ ഉറുദുഭാഷ പരിപോഷിപ്പിക്കുന്നതിന്. | ▪ ഭാഷാശേഷി വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ. വായന, എഴുത്ത്, സർഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.<br>▪ ഒരു ദിനം ഒരു പദം എന്ന രീതിയിൽ പ്രവർത്തനങ്ങൾ നൽകുക. | ➢ മൊബൈൽ ഫോൺ<br>➢ പോസ്റ്റർ<br>➢ ചാർട്ട് | ജൂൺ മുതൽ മാർച്ച് വരെ | |

| | | | | |
|---|---|---|---|---|
| **<u>ഐടി. ഡിജിറ്റൽ ഉർദു</u>**<br>ആധുനിക സാങ്കേതി കവിദ്യ പ്രയോജനപ്പെടുത്തി ഉറുദു പഠന രസകരവും ഫലപ്രദവും ആക്കുന്നതിന് ഉർദു ഭാഷയിൽ ഐടി യുടെ സാധ്യത.<br><br>**<u>ചരിത്ര അവബോധനം.</u>** | ഗസലുകൾ, കവിതകൾ, കഥകൾ video പ്രദർശനം. പാഠപുസ്തകത്തിൽ പരാമർശിക്കപ്പെട്ടതും പ്രധാനപ്പെട്ടതും ആയ കവിതകളുടെയും, കഥാകൃത്തുക്കളെയും പരിചയപ്പെടുത്തൽ. സാഹിത്യകാരന്മാരുടെ ആൽബം കാണിക്കുന്നു. ഭാഷ ചരിത്രം, സാഹി കൃതി പ്രദർശനം.<br><br>▪ മഹാന്മാരെ അറിയൽ.<br>▪ മഹാന്മാരുടെ ജീവിത രേഖ തയ്യാറാക്കൽ, ആൽബം തയ്യാറാക്കൽ. | ➢ വിവിധ ആപ്പ്<br>➢ ഉർദു വിജ്ഞാന ശേഖരം<br>➢ ലാപ്ടോപ്പ്<br>➢ മൊബൈൽ ഫോൺ<br>➢ ഇ വർക്ക് ഷീറ്റ്<br>➢ മാഗസിൻ<br><br>➢ ICT<br>➢ Book | | |

IMUPS AZHICODE
ESTD 1960

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉപമേഖല : അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **അറബിക് മധുരം:**<br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br>❖ ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥി കളെ കണ്ടെത്തുന്നു.<br>❖ അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക<br>❖ ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ട ത്തിൽ കുട്ടികൾ ഗെയിമി ലൂടെ ആസ്വദിച്ച് അക്ഷര ങ്ങൾ പഠിക്കുന്നു<br>❖ പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാ നത്തിൽ നിശ്ചിത സമയ ത്ത് 'അറബിക് മധുരം' ക്ലാസ് നൽകുക. | രണ്ട് മാസം | പുസ്തക ങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബിആർസി |
| **വായനാ ലോകം**<br>ലക്ഷ്യം:<br>▪ കുട്ടിയെ വായന യുടെ ലോകത്തേ ക്ക് കൊണ്ട് വരൽ | **തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br>**പുസ്തകങ്ങൾ:**<br>▪ ചിത്ര കഥ (അറബിക്)<br>▪ കഥ പുസ്തകം (അറബിക്)<br>▪ കുട്ടിക്കവിതകൾ (അറബിക്) | 6 മാസം | സ്കൂൾ ലൈബ്രറി | സമാഹരണം<br>അറബിക് അധ്യാപകർ<br>റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ |

| | | | | |
|---|---|---|---|---|
| ▪ നല്ല വായനക്കാര നാക്കുക | ▪ ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>▪ അറബിക് ക്വിസ്<br>**ക്ലാസ്സ് വായന:**<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>▪ വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>▪ കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | | | അദ്ധ്യാപകർ<br>ഭാഷാ സ്നേഹികൾ<br>നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ.<br>ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ.<br>സർക്കാർ ഫണ്ട്. |
| **ആസ്വാദന ലോകം** | **ആസ്വാദന സഭ:**<br>▪ പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>▪ ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br>**കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br>**ഉദാഹരണം:** ഖുർആൻ കഥ | 6 മാസം | സ്കൂൾ ഹാൾ<br>ലാംഗേജ് ലാബ്<br>എൽസിഡി<br>കമ്പ്യൂട്ടർ | |

| | | | | |
|---|---|---|---|---|
| | കൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | | | |
| **അനുഭവ ലോകം** (അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണു, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br>▪ തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br>▪ ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | ലാംഗ്വേജ് ലാബ് എൽസിഡി കമ്പ്യൂട്ടർ | |
| **പദ പരിചയം** ലക്ഷ്യം : അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:** അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br>ക്ലാസ്സ് ലീഡർമാർ ആ പദം | 1 വർഷം | മൈക്ക് | |

| | | | | |
|---|---|---|---|---|
| | ബോർഡിൽ എഴുതുന്നു.<br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | | | |
| അറബിക് അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>• ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>• ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക.<br>• പുസ്തകം പരിചയപ്പെടുത്തൽ<br>• സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | 1 വർഷം | | |
| അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br>**കാര്യപരിപാടികൾ:**<br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/ സാഹിത്യകാരൻ/പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ.<br>• തെരഞ്ഞെടുത്ത അറബിക് | | സ്കൂൾ ഹാൾ പുസ്തകങ്ങൾ സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ.<br>അറബി ഭാഷാ പഠിതാക്കൾ.<br>ഭാഷാ സ്നേഹികൾ. |

| | | | | |
|---|---|---|---|---|
| | ഡോക്യുമെന്ററി/ആനിമേഷൻ പ്രദർശനം.<br>▪ അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ. | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ. അറബി ഭാഷ പഠിതാക്കൾ. ഭാഷാ സ്നേഹികൾ |
| **നല്ല എഴുത്ത്**<br>ലക്ഷ്യം : കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | ▪ അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഅ) എഴുത്തുകളാണ്.<br>▪ ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ.<br>▪ വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br>▪ ചുമർ പത്രിക. | 1 വർഷം | പുസ്തകങ്ങൾ | |
| **ഡിജിറ്റൽ ലോകം**<br>ലക്ഷ്യം :<br>▪ എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ.<br>▪ പവർ പോയിന്റ് പരിചയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br>▪ ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക.<br>▪ ഫോട്ടോകളും ടൈപ്പ് ചെയ്ത | 1 വർഷം | | |

| | | | | |
|---|---|---|---|---|
| | വാക്കുകളും ചേർത്ത് ചെറിയ പിപിടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക. | | | |
| **എഴുത്തിന്റെ ലോകം** | ▪ ക്ലാസ്സ് മാസിക നിർമ്മാണം<br>▪ ചുമർ പത്രിക നിർമ്മാണം<br>▪ വായനാ കാർഡ് നിർമ്മാണം<br>(മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി(എ4) സൈസിൽ വൃത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക.) | | ചാർട്ട് കളർ | |
| **മത്സരങ്ങളുടെ ലോകം** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൽസ് | | | |
| **ദിനാചരണങ്ങൾ** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>▪ നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | 1 വർഷം | | |